**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1600** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കുട്ടനാട്ടിലെ സ്റ്റേഡിയം നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കുട്ടികളുടെയും യുവാക്കളുടെയും ശാരീരിക മാനസികോല്ലാസത്തിനായി കുട്ടനാട്ടിൽ ഒരു പൊതുകളിസ്ഥലം പോലുമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കുട്ടനാട്ടിൽ പൊതുകളിസ്ഥലം ആപേക്ഷികമായി കുറവാണെന്ന കാര്യം പരിഗണിച്ച് കളിസ്ഥലം നിർമിക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈകൊള്ളുന്നതാണ് .

**(ബി)** കളിസ്ഥലം നിർമ്മിക്കുവാൻ ഭൂമി ലഭ്യമാക്കിയിട്ടുള്ള രാമങ്കരി, കൈനകരി, നീലംപേരൂർ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കളിസ്ഥലത്തിന് ഫണ്ട് അനുവദിക്കുന്നതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ബജറ്റിൽ 20% വകയിരുത്തിയിരിക്കുന്ന പ്രവൃത്തികൾക്കും, സർക്കാരിന്റെ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയും, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ 50% എം. എൽ. എ. ഫണ്ടും/ ലോക്കൽ ബോഡി ഫണ്ടും/ സി. എസ്. ആർ ഫണ്ടും, 50% സർക്കാരിന്റെ പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്നുമാണ് അനുവദിക്കുന്നത്.

**സെക്ഷൻ ഓഫീസർ**